"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ പൂഞ്ഞാർ ഗ്രാമപഞ്ചായത്തിലെ നെല്ലിക്കച്ചാൽ കടിവെള്ള വിതരണ പദ്ധതി - വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കിയ തുകയ്ക്കുള്ള സാധൂകരണവും പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1357/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 20/07/2021

---

പരാമർശം:-

1. പൂഞ്ഞാർ പഞ്ചായത്ത് കമ്മറ്റിയുടെ 13.08.2019 ലെ 2(1) നമ്പർ തീരുമാനം.
2. പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.10.2019 ലെ എ3.2469/19 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 23.04.2021 ലെ പി.എ.എൻ/14477/2019-ജെ7(ഡി.പി) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിക്ക് കൈമാറി നൽകിയ നെല്ലിക്കച്ചാൽ കടിവെള്ള വിതരണ പദ്ധതിയുടെ 2014-15 മുതൽ 2019 മാർച്ച് മാസം വരെയുള്ള കാലയളവിലേക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കിയ തുകയ്ക്കുള്ള സാധൂകരണവും പ്രസ്തുത പദ്ധതിയുടെ തുടർന്നുള്ള വൈദ്യുത ചാർജ്ജ് തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം (2) പ്രകാരം പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

ആയതിൻമേൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി കടിവെള്ള പദ്ധതി പൂർണ്ണമായും കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് അനുമതി ലഭിക്കുന്നതിനായി പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം (1) പ്രകാരം കേരള ജലവിഭവ വകുപ്പിനോട് അഭ്യർത്ഥിച്ച് തീരുമാനമെടുത്തിരുന്നെങ്കിലും ടി കടിവെള്ള പദ്ധതി ഏറ്റെടുക്കുന്നതിന് നിർവ്വാഹമില്ല എന്ന് വാട്ടർ അതോറിറ്റി അറിയിച്ചിരുന്നു. പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പ് ഏറ്റെടുക്കുന്നതിന് തനത് ഫണ്ട് കുറവായ ഗ്രാമപഞ്ചായത്തിന് സാധിക്കാത്ത അവസ്ഥയായതിനാലാണ് കടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി നിലവിൽ വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ടി കടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് തുടർന്നും അടവാക്കുന്നതിനും ഉണഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിക്ക് കൈമാറി നൽകിയ നെല്ലിക്കച്ചാൽ കടിവെള്ള വിതരണ പദ്ധതിയുടെ 2014-15 മുതൽ 2019 മാർച്ച് മാസം വരെയുള്ള കാലയളവിലേക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കിയ 2,84,553/-(രണ്ട് ലക്ഷത്തി എൺപത്തി നാലായിരത്തി അഞ്ഞൂറ്റി അമ്പത്തി മൂന്ന്) രൂപയ്ക്ക് സാധൂകരണം നൽകിയും ,തുടർന്നും ടി പദ്ധതി പൂർണ്ണമായും ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള

വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതുവരെ പദ്ധതിയുടെ വൈദ്യുതി ചാർജ്ജായി പ്രതിമാസം 4,000/- (നാലായിരം) രൂപയിൽ അധികരിക്കാത്ത തുക അടയ്ക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു. ടി പദ്ധതി പൂർണ്ണമായും ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
കേരള വാട്ടർ അതോറിറ്റി
സെക്രട്ടറി, പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ